കുത്തി പരിക്കേല്പിക്കുകയും ചെയ്തു. കഴുത്തിൽ മാരകമായ കുത്തേറ്റ സജീവൻ ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിക്ക് മരണപ്പെട്ടു. ഗുരുതരമായി പരിക്കുപറ്റിയ മോഹനനും പ്രകാശനും തലശ്ശേരി സഹകരണ ആശുപത്രിയിൽ ചികിത്സയിലാണ്. ഇതുസംബന്ധിച്ച് ക്രൈം 38/2000-ാം നമ്പരായി ചക്കരക്കൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. 1999 ഡിസംബർ 6-ന് കണ്ണൂരിൽ നടന്ന സമാധാന സമ്മേളനത്തിനുശേഷം ജില്ലയിൽ പൊതുവേ സമാധാനം നിലനിൽക്കുകയായിരുന്നു. രാഷ്ട്രീയ സംഘർഷങ്ങളൊന്നുമില്ലാത്ത സ്ഥലമാണ് ചെമ്പിലോട്. ഈ സമാധാനാന്തരീക്ഷം തകർക്കുന്ന തരത്തിലുള്ള നടപടിയാണ് ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഈ കൊലപാതകം. സമാധാനകാംക്ഷികളായവർ ഇതിനെ അപലപിക്കേണ്ടതുണ്ട്. സമാധാനം സംരക്ഷിക്കാനുള്ള ശക്തമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. കേസന്വേഷണം ഫലപ്രദമായി നടത്തുന്നതിനും പ്രതികളെ പിടികൂടുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കാനും ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (ബഹളം).....

ശ്രീ. കെ. എം. മാണി : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ശ്രീ. വേണുഗോപാലിനെ പോലീസ് മർദ്ദിച്ചതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാതിരുന്നത് ശരിയാണോ ? ഡി.സി.സി. ഓഫീസിൽ കയറി ശ്രീ. വേണുഗോപാലിനെ മൃഗീയമായി മർദ്ദിച്ചതിനെക്കുറിച്ച് ഇവിടെ ഉന്നയിച്ചു. അത് തെറ്റാണോ ശരിയാണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാതിരുന്നത് ഓർഡറിലാണോ ?

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഈ സഭയിലെ ഒരംഗമായ ശ്രീ. വേണുഗോപാലിനെ മർദ്ദിച്ച സംഭവത്തെക്കുറിച്ച് അദ്ദേഹം സഭയിൽ ഉന്നയിച്ചിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരക്ഷരം പറഞ്ഞിട്ടില്ല. അത് ശരിയാണോ ? അതിൽ ഒരു ഖേദമെങ്കിലും പ്രകടിപ്പിക്കണ്ടേ ? അതിന് എഴുതി തയ്യാറാക്കിയ മറുപടി പറയുന്നത് ശരിയാണോ ? അങ്ങ് ഇനിയെങ്കിലും ഇത് ആലോചിക്കണം. ഈ സഭയിൽ അങ്ങയുടെ കൊച്ചു മകന്റെ പ്രായമുള്ള ഒരാൾ, അയാൾ അയാൾക്കുണ്ടായ ഒരു അനുഭവം പറയുമ്പോൾ അതിനെക്കുറിച്ച് അങ്ങ് ഒരു പരാമർശമെങ്കിലും നടത്തണ്ടേ ? ഇത് ശരിയാണോ ? ഒരു ഖേദം പ്രകടിപ്പിക്കണ്ടേ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഖേദമില്ലാഞ്ഞിട്ടല്ല. അദ്ദേഹത്തിന് മർദ്ദനമേറ്റതിൽ ഖേദമുണ്ട്. അതിൽ ഞാൻ ഖേദിക്കുന്നു.

(2) കുറിച്ചി സചിവോത്തമപുരം കോളനിയിലെ ശ്രീധരൻ എന്ന ആളിന്റെ ആത്മാഹുതി

ശ്രീ. സി. എഫ്. തോമസ് : സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കുറിച്ചി സചിവോത്തമപുരം കോളനിയിൽ 11 കെ.വി. ലൈൻ വലിക്കുന്നതിന് എതിരെയുള്ള സമരത്തിൽ ആത്മഹുതി ചെയ്ത ദളിതനായ ശ്രീധരന്റെ മരണം നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെയാകെ ഞെട്ടിപ്പിച്ച വേദനയിലാഴ്ത്തിയ സംഭവമായിരുന്നു. വളരെ ഗൗരവമുള്ള ഈ വിഷയം, ശ്രീധരന്റെ മരണത്തിനിടയാക്കിയ സാഹചര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവായി വിശദീകരിക്കണം. ഇതെല്ലാം എന്റെ നിയോജകമണ്ഡലത്തിലാണ്. നമുക്ക് ഒരുമിച്ച് അവിടെ

LIBRARY ARCHIVES Kerala Legislative Assembly

പോകാം. നമുക്ക് ഒരുമിച്ച് കുറിച്ചി കോളനിയിലേക്ക് പോകാം. ദളിതർക്ക് ഈ സംസ്ഥാനത്ത് ജീവിക്കാൻ അവകാശമില്ലേ ? അത് നോക്കണ്ടേ ? നിങ്ങൾക്കും ഞങ്ങൾക്കുംകൂടി പോകാം. ഈ ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഒരു അവകാശം സംരക്ഷിക്കാൻ ഒരാൾ ആത്മഹൂതി ചെയ്യേണ്ടി വരുന്ന സാഹചര്യം ഈ സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്ന് പറഞ്ഞാൽ നമുക്കൊക്കെ അപമാനകരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് പറയണം. എനിക്കറിയാം അങ്ങ് പറയാൻ പോകുന്ന മറുപടി ഹൈക്കോടതി വിധിപ്രകാരമാണ് ലൈൻ വലിച്ചതെന്നായിരിക്കുമെന്ന്. പക്ഷേ, എന്താണ് ഹൈക്കോടതി വിധി ? ഹൈക്കോടതിയിൽ ഗവൺമെന്റ് അഡ്വക്കേറ്റ് ഇല്ലേ ? ഇലക്ട്രിസിറ്റി ബോർഡിന് അഡ്വക്കേറ്റില്ലേ ? അവർ എത്ര പ്രാവശ്യം ഗവൺമെന്റിനോട് ചോദിച്ചു, എന്ത് നിലപാട് ഹൈക്കോടതിയെ അറിയിക്കണമെന്ന്. പഞ്ചായത്ത് റോഡിൽക്കൂടി ലൈൻ വലിക്കുന്നതിന് പകരമായി വേറൊരു ലൈൻ വലിച്ചുകൂടേ ? വേറെ റോഡില്ലേ ? അത് ഹൈക്കോടതിയിൽ ബോധിപ്പിക്കാൻവേണ്ടി ഗവൺമെന്റിന്റെ അഡ്വക്കേറ്റ് ഗവൺമെന്റിനോട് ചോദിച്ചിട്ട് ഗവൺമെന്റ് മറുപടി കൊടുത്തോ ? പാവപ്പെട്ട ദളിതർ തിങ്ങി താമസിക്കുന്ന സർ സി.പി.യുടെ കാലത്ത് കൊടുത്ത കോളനിയാണ്. ഇടുങ്ങിയ വഴിയാണ്. അതിലൂടെ ലൈൻ വലിച്ചാൽ രണ്ടും മൂന്നും സെന്റ് ഭൂമിയുള്ള കുടുംബങ്ങളുടെ മുകളിൽക്കൂടിയാണ് ലൈൻ പോകുന്നത്. തിങ്ങിനിറഞ്ഞ് നിൽക്കുന്ന മരങ്ങൾ ഉള്ളതിനാൽ എപ്പോഴും ടച്ചിംഗുണ്ടാകും. അവരുടെ വീടുകൾക്കും അവരുടെ ജീവനും അപകടമുണ്ടാകും. നിരന്തരമായി പറഞ്ഞിട്ടും ആര് കേൾക്കാനാണ് ? സമരം നീണ്ടു. പഞ്ചായത്ത് കമ്മിറ്റിയാണ് ലൈസൻസ് കൊടുത്തത്. സി.പി.എം. ഭരിക്കുന്ന പഞ്ചായത്താണ്. പഞ്ചായത്ത് ഓഫീസിന്റെ മുമ്പിൽ സമരം നടന്നു. ഞങ്ങളൊക്കെ പോയി പങ്കെടുത്തു. ഞാൻ ഈ സഭയിൽ ഈ വിഷയം നേരത്തെ ഉന്നയിച്ചതാണ്. ഈ വിഷയം നമുക്ക് ചർച്ച ചെയ്യാം. ഈ വിഷയം ഈ സഭയിൽ കൊണ്ടു വന്നപ്പോൾ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മറുപടി പറഞ്ഞു. എനിക്ക് ആ മറുപടിയെ കുറിച്ച് പരാതിയില്ല. കഴിഞ്ഞതിന് മുമ്പത്തെ സമ്മേളനത്തിലാണ്. ശ്രീ. ശർമ്മ മറുപടി പറഞ്ഞത് ഈ പ്രശ്നം രമ്യമായി പരിഹരിക്കാമെന്നാണ്. ഞാൻ സന്തോഷത്തോടുകൂടി അവിടെ പോയി അറിയിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ കൂടി ശ്രദ്ധിക്കണം. കുറ്റകരമായ സാഹചര്യങ്ങൾ ഇവിടെയുണ്ട്. ജുഡീഷ്യൽ അന്വേഷണം സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞാൻ പറയാനുള്ള കാരണം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ട് നാൾ എത്രയായി ; മാസങ്ങൾ എത്രയായി ? ഈ നിയമസഭയിൽ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ പറയാൻ ആളില്ലാത്തവരുടെ പ്രശ്നങ്ങൾ, ദളിതരുടെ പ്രശ്നങ്ങൾ ഈ നിയമസഭയിൽ അവതരിപ്പിച്ച് മറുപടി പറഞ്ഞാൽ അത് നടപ്പിലാക്കണ്ടെ സർ ? ആരാണ് നടപ്പിലാക്കേണ്ടത് ? ഞങ്ങൾ പ്രതിപക്ഷത്തുള്ളവർക്ക് നടപ്പിലാക്കാൻ സാധിക്കുമോ ? ഗവൺമെന്റിന്റെ മെഷിനറി ചലിക്കണ്ടേ ? ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ ചലിക്കണ്ടേ ? മന്ത്രിയുടെ മറുപടി അനുസരിച്ച് കാര്യങ്ങൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥന്മാർ ചുമതലയുള്ളവരാണ്. നമ്മുടെ ഉദ്യോഗസ്ഥൻമാർ എന്തു ചെയ്തു ? ഇവിടെ ശ്രീധരന്റെ ദളിതരുടെ ജീവന് വിലയില്ലേ ? മന്ത്രിയുടെ മറുപടി അനുസരിച്ച് കാര്യങ്ങൾ നടപ്പിലാക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർ സമയത്ത് നടപ്പിലാക്കിയോ ? ഹൈക്കോടതിയിൽ നിന്നും ചോദിച്ച ചോദ്യത്തിന് ഗവൺമെന്റ് അഡ്വക്കേറ്റ് മറുപടി കൊടുത്തോ ? ഇതൊക്കെ ഉത്തരം കാണേണ്ട പ്രശ്നങ്ങളാണ്. സമയത്ത് ആവശ്യമായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ശ്രീധരനെ മരണത്തിലേയ്ക്കു നയിച്ച സാഹചര്യം ഒഴിവാക്കാമായിരുന്നു ; എല്ലാവരെയും വേദനിപ്പിച്ച ആ ആത്മാഹൂതി ഒഴിവാക്കാമായിരുന്നു. ഇനിയും ഇങ്ങനെയുള്ള കുറ്റകരമായ അനാസ്ഥ ഗവൺമെന്റ് സർവീസിൽ നിലനിൽക്കുന്നുവെങ്കിൽ അത് അനുവദിക്കാൻ പാടില്ല. ഇൻഡ്യൻ ഭരണഘടനയിൽ എല്ലാവരുടെയും ജീവന് ഒരുപോലെയാണ് വില കല്പിക്കുന്നത്. ദളിതർ മരിച്ചാൽ ചോദിക്കാൻ ആളില്ലാത്ത അവസ്ഥ ഈ കാലഘട്ടത്തിൽ ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് ഈ സംഭവത്തെക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ശ്രീധരന്റെ കുടുംബം അനാഥമാണ്. ശ്രീധരന്റെ കുടുംബത്തെ സഹായിക്കാൻ ഈ ഗവൺമെന്റിന് ചുമതലയുണ്ട്. സമീപകാലത്ത് നടന്ന ചില സംഭവങ്ങളുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രൂപ നഷ്ടപരിഹാരമായി കൊടുത്തു. അതിനെ നമ്മളെല്ലാം സ്വാഗതം ചെയ്യുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് ശ്രീധരന്റെ കുടുംബത്തെ സഹായിക്കാൻ തയ്യാറാകണം. ആ കുടുംബത്തിന് എന്തെങ്കിലും ആശ്വാസധനം നൽകണം. ഇവിടെ പട്ടികജാതിക്ഷേമ വകുപ്പുണ്ടല്ലോ ? അവർ ഈ കാര്യത്തിൽ എന്ത് പറയുന്നു. ദളിതർക്ക് അറിയാൻ അവകാശമുണ്ട്. അതുകൊണ്ട് എന്ത് സഹായം കൊടുക്കുമെന്ന് അങ്ങ് പ്രഖ്യാപിക്കണം. ആ കുടുംബം ഇന്ന് അനാഥമായി കഴിയുന്നു. ഒരു സംസ്ഥാനത്ത് മുഴുവൻ ഹർത്താൽ ആചരിച്ച വിഷയമാണ്. ദളിതരുടെ മാർച്ച് ചങ്ങനാശ്ശേരിയിലേക്ക് നടക്കാൻ പോകുന്നു. കുറിച്ചിയിലേയ്ക്ക് കേരളത്തിന്റെ എല്ലാ ഭാഗത്തുനിന്നും അടുത്ത 27-ാം തീയതി ദളിതർ മാർച്ച് ചെയ്യാൻ പോകുന്നു അതുകൊണ്ട് ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തണം. അവിടെ ആ സമരദിവസം കുറിച്ചി പഞ്ചായത്താഫീസിൽ തീവയ്പ്പ് നടന്നു. ആ തീ വയ്പ്പിന്റെ സാഹചര്യം കൂടി അന്വേഷിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. സമരസമിതി പ്രവർത്തകർക്കെതിരെ കേസ് എടുക്കാൻ നീക്കം നടക്കുകയാണ്. കുറിച്ചി പഞ്ചായത്തിൽ നടക്കുന്ന അഴിമതിയുടെ ഫയലുകളാണ് കത്തിപ്പോയിരിക്കുന്നത്. അതുകൊണ്ട് ഞങ്ങൾ ആവശ്യപ്പെടുന്നത്, ഈ അന്വേഷണത്തിൽ കുറിച്ചി പഞ്ചായത്തിൽ നടന്ന തീവയ്പ്പിനെ കൂടി ഉൾപ്പെടുത്തി അന്വേഷിക്കണമെന്നാണ്. ശ്രീധരന്റെ കുടുംബത്തിന് സഹായം നൽകാനും സമരസമിതി പ്രവർത്തകർക്ക് എതിരെ തുടർച്ചയായി കള്ളക്കേസ്സെടുക്കുന്ന നടപടി പിൻവലിക്കാനും നടപടി സ്വീകരിക്കണം. ഈ കാര്യത്തിൽ അനുകൂലമായ മറുപടി അങ്ങയുടെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കോട്ടയം ജില്ലയിലെ സചിവോത്തമപുരം പ്ലൈവുഡ് ഫാക്ടറിയിലേയ്ക്ക് പഞ്ചായത്ത് റോഡിലൂടെ 11(ഇലവൻ) കെ.വി. ലൈൻ വലിക്കുന്നതിന് 1999 മാർച്ച് 13-ന് ജില്ലാകളക്ടർ അനുമതി നൽകി. സമീപത്തുള്ള കോളനി നിവാസികളുടെ പ്രക്ഷോഭണം നിമിത്തം വൈദ്യുതി ലൈൻ ചാർജ്ജ് ചെയ്യുന്നത് ജില്ലാകളക്ടർ നിരോധിച്ചു. ഫാക്ടറി ഉടമയുടെ ഹർജിയിൻമേൽ രണ്ടാഴ്ചയ്ക്കകം വൈദ്യുതി കണക്ഷൻ കൊടുക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായി. 2-2-2000-ൽ വൈദ്യുതി കണക്ഷൻ നൽകാനുള്ള പണികൾ തടഞ്ഞ അക്രമാസക്തരായ

LIBRARY ARCHIVES Kerala Legislative Assembly

നൂറോളം കോളനി നിവാസികളെ അറസ്റ്റ് ചെയ്തു നീക്കി. തുടർന്ന് ശരീരത്തിൽ മണ്ണെണ്ണ ഒഴിച്ച് തീകൊളുത്താൻ തയ്യാറായി നിന്ന ശ്രീധരൻ അടുത്ത് കൂട്ടിയിട്ടിരുന്ന ഉണങ്ങിയ ഇലകളിൽ തീ കത്തിച്ച് അതിൽ എടുത്തുച്ചാടി. പൊള്ളലേറ്റ ശ്രീധരനെ പോലീസ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും 6-2-2000-ത്തിൽ ശ്രീധരൻ മരിച്ചു. ഇതുസംബന്ധിച്ച് ചിങ്ങവനം പോലീസ് സ്റ്റേഷനിൽ ക്രൈം 32/2000-ാം നമ്പർ ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അക്രമാസക്തരായ കോളനി നിവാസികൾ 8-2-2000-ൽ കുറിച്ചി പഞ്ചായത്ത് ഓഫീസിൽ കടന്നുകയറി ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ആഫീസ് ഉപകരണങ്ങൾ നശിപ്പിക്കുകയും ഫയലുകൾ പെട്രോൾ ഒഴിച്ച് തീ വയ്ക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് ചിങ്ങവനം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. ഇതെല്ലാമാണെങ്കിലും ശ്രീധരന്റെ ആത്മഹൂതിയിൽ ഗവൺമെന്റിന് ശക്തമായ ഖേദമുണ്ട്. ആവശ്യമായ അന്വേഷണം നടത്തി ആ കുടുംബത്തെ സഹായിക്കാൻ ശ്രമിക്കുന്നതാണ്. ഫാക്ടറിയിലേയ്ക്കുള്ള വൈദ്യുതി ലൈൻ മറ്റൊരു വഴിയിലൂടെ മാറ്റി വലിച്ച് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി ഹൈക്കോടതിയുടെ അന്തിമാനുമതി ലഭിക്കേണ്ടതുണ്ട്.

(3) ഡോ. എം.എ. കുട്ടപ്പൻ എം.എൽ.എ. നെടുമ്പാശ്ശേരി വിമാനത്താവള പരിസരത്ത് നടത്തുന്ന നിരാഹാരസമരം

ശ്രീ. പി. ജെ. ജോയി : സർ, ഈ സഭയിലെ അംഗമായ ഡോ. എം.എ. കുട്ടപ്പൻ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവള പരിസരത്ത് നിരാഹാര സമരം ആരംഭിച്ചിട്ട് ഇന്ന് 5 ദിവസമാകുകയാണ്. ഈ സഭയിലെ ഒരംഗത്തിന്റെ ജീവൻ രക്ഷിക്കണം. അതോടൊപ്പം അദ്ദേഹം ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾക്ക് തീർപ്പ് ഉണ്ടാക്കണം. ഇതാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ഒരു മാസമായി ഈ വിമാനത്താവള കമ്പനിയിൽ ജോലി സംവരണം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം നടക്കുകയാണ്. ആ സമരത്തിന് നേതൃത്വം കൊടുത്ത ഡോ. എം.എ. കുട്ടപ്പൻ തന്നെ 17-ാം തീയതി മുതൽ നിരാഹാരം കിടക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തെ 51 ശതമാനം ഷെയർ എടുത്ത് ഒരു പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയതായി പ്രഖ്യാപനം നടത്തിയത് 1997-ലാണ്. നിയമപരമായി തന്നെ നിയമനങ്ങളിൽ 10 ശതമാനം എസ്.സി/എസ്.ടി. വിഭാഗത്തിനും 40 ശതമാനം മറ്റ് പിന്നോക്ക വിഭാഗത്തിനും അവിടെ സംവരണം നൽകേണ്ടതാണ്. അവിടെ വീടും സ്ഥലവും പോയ ആളുകൾക്ക് ജോലി നൽകുമെന്നു പറഞ്ഞിരുന്നു എങ്കിലും വളരെ ചുരുക്കം പേർക്ക് മാത്രമേ ജോലി കൊടുത്തിട്ടുള്ളു. കണ്ണൂർ മുതൽ പല സ്ഥലങ്ങളിൽ നിന്നും ആളുകളെ നിയമിച്ചിട്ടുണ്ട്. ഞാൻ ആളുകളുടെ പേരൊന്നും പറയുന്നില്ല. പല സ്ഥലങ്ങളിലുള്ള ആളുകൾക്ക് അവിടെ തൊഴിൽ കൊടുത്തിട്ടുണ്ട്. അവിടെ സംവരണം ഉറപ്പു വരുത്താൻ, 51 ശതമാനം ഷെയർ ഉണ്ടെന്ന് മുഖ്യമന്ത്രിതന്നെ നിയമസഭയിൽ അവകാശപ്പെട്ട സാഹചര്യത്തിൽ, 51 ശതമാനം ഷെയർ സർക്കാർ ഉടമയിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായി മാറുന്ന സാഹചര്യത്തിൽ, അവിടെ ഈ സംവരണം ഉറപ്പു വരുത്തേണ്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly